2023
MARCH
21
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO



## സെൻസെക്സിൽ 400ലേറെ പോയന്റ് നഷ്ടം: നിഫ്റ്റി 17,000ന് താഴെ

**മുംബൈ:** കഴിഞ്ഞയാഴ്ചയിലെ ദുർബലാവസ്ഥയിൽനിന്ന് ഉയർത്തെഴുന്നേൽക്കാനാകാതെ വിപണി. വ്യാപാര ആഴ്ചയുടെ ആദ്യദിനത്തിൽ സൂചികകളിൽ നഷ്ടത്തോടെ തുടക്കം. നിഫ്റ്റി 17,000ന് താഴെയെത്തി.

സെൻസെക്സ് 406 പോയന്റ് താഴ്ന്ന് 57,583ലും നിഫ്റ്റി 120 പോയന്റ് നഷ്ടത്തിൽ 16,979ലുമാണ് വ്യാപാരം ആരംഭിച്ചത്. ആഗോളതലത്തിൽ ബാങ്കുകൾ പ്രതിസന്ധി നേരിട്ടതാണ് തുടർച്ചയായ ദിനങ്ങളിലെ നഷ്ടത്തിന് കാരണം.

കൊട്ടക് മഹീന്ദ്ര ബാങ്ക്, ബജാജ് ഫിൻസർവ്, നെസ്‌ലെ, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, എൽആൻഡ്ടി, ഐസിഐസിഐ ബാങ്ക്, എൻടിപിസി, സൺ ഫാർമ, എച്ച്ഡിഎഫ്സി, ഐടിസി തുടങ്ങിയ ഓഹരികളാണ് നേട്ടത്തിൽ. ടൈറ്റാൻ, ഹിന്ദുസ്ഥാൻ യുണിലിവർ, ഏഷ്യൻ പെയിന്റ്സ്, ഭാരതി എയർടെൽ തുടങ്ങിയ ഓഹരികൾ നേട്ടത്തിലുമാണ്.

എല്ലാ സെക്ടറൽ സൂചികളും നഷ്ടത്തിലാണ്. നിഫ്റ്റി ഐടി, മെറ്റൽ, പൊതുമേഖല ബാങ്ക്, മീഡിയ തുടങ്ങിയവ ഒരുശതമാനത്തിലേറെ താഴന്നു.

ബിഎസ്ഇ മിഡ്ക്യാപ്, സ്മോൾ ക്യാപ് സൂചികളിലും നഷ്ടത്തിലാണ് വ്യാപാരം നടക്കുന്നത്.

## ശ്രീനഗറിൽ ലുലു ഹൈപ്പർ മാർക്കറ്റ്; ലക്ഷം ചതുരശ്രയടി വിസ്തീർണം

**ശ്രീനഗർ :** മിഡിൽ ഈസ്റ്റ് റീട്ടെയ്ലർ ഗ്രൂപ്പായ ലുലു ഗ്രൂപ്പ് ജമ്മു കശ്മീരിൽ പുതിയ ഹൈപ്പർമാർക്കറ്റ് തുടങ്ങുന്നു. ഇതുസംബന്ധിച്ച് ലുലു ഗ്രൂപ്പും യുഎഇ ആസ്ഥാനമായുള്ള എമാർ ഗ്രൂപ്പും തമ്മിൽ ധാരണയായി. ശ്രീനഗറിലെ സെംപോറയിൽ എമാർ ഗ്രൂപ്പ് സ്ഥാപിക്കുന്ന മാൾ ഓഫ് ശ്രീനഗറിന്റെ തറക്കല്ലിടൽ ചടങ്ങിൽ വച്ചാണ് ലുലു ഇന്ത്യയുടെ ചീഫ് ഓപ്പറേഷൻ ഓഫിസർ രജിത് രാധാകൃഷ്ണനും എമാർ ഗ്രൂപ്പ് സിഇഒ അമിത് ജെയിനും ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ജമ്മു കശ്മീർ ലഫ്. ഗവർണർ മനോജ് സിൻഹയാണ് 250 കോടി രൂപ നിക്ഷേപത്തിൽ ആരംഭിക്കുന്ന മാൾ ഓഫ് ശ്രീനഗറിന്റെ തറക്കല്ലിട്ടത്. 10 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിലുള്ള പദ്ധതി 2026ൽ പൂർത്തിയാക്കാനാണ് ബുർജ് ഖലീഫ, ദുബായ് മാൾ എന്നിവയുടെ ഉടമസ്ഥരായ എമാർ ഉദ്ദേശിക്കുന്നത്. ഇവിടെ ഒരു ലക്ഷം ചതുരശ്രയടി വിസ്തീർണത്തിലാണ് ഹൈപ്പർ മാർക്കറ്റ് സ്ഥാപിക്കുക. കശ്മീരിൽ നിന്നുള്ള 1,500 ഓളം ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുമെന്ന് രജിത് രാധാകൃഷ്ണൻ പറഞ്ഞു.

ജമ്മു കശ്മീരിൽ ആദ്യഘട്ടത്തിൽ 200 കോടി രൂപയുടെ നിക്ഷേപമാണു നടത്തുന്നതെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി പറഞ്ഞു. കഴിഞ്ഞ വർഷം ജനുവരിയിൽ ദുബായിൽ വച്ച് ജമ്മു കശ്മീർ സർക്കാരും ലുലു ഗ്രൂപ്പും തമ്മിൽ ഒപ്പുവച്ച ധാരണയുടെയും തുടർചർച്ചകളുടെയും അടിസ്ഥാനത്തിലാണ് ലുലു ഗ്രൂപ്പ് കശ്മീരിൽ നിക്ഷേപം നടത്തുന്നത്.

ജനറൽ അമൻ പുരി, ഷറഫ് ഗ്രൂപ്പ് വൈസ് ചെയർമാനുമായ മേജർ ജനറൽ ഷറഫുദ്ദീൻ ഷറഫ്, ജമ്മു കശ്മീർ ഗവൺമെന്റ് ചീഫ് സെക്രട്ടറി അരുൺ കുമാർ മേത്ത ഉൾപ്പെടെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു.

### പഴയ പെൻഷൻ പുനഃസ്ഥാപിക്കൽ

## സമരം ചെയ്താൽ നടപടി, കർശന മുന്നറിയിപ്പുമായി കേന്ദ്രം

**ന്യൂഡൽഹി:** പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സമരത്തിൽ പങ്കെടുക്കുന്ന ജീവനക്കാർക്കെതിരേ നടപടിയെടുക്കുമെന്ന മുന്നറിയിപ്പുമായി കേന്ദ്ര സർക്കാർ. പദ്ധതി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ന് ജില്ലാ തലങ്ങളിൽ റാലികൾ നടത്താൻ കേന്ദ്ര സർക്കാർ ജീവനക്കാരുടെ സംഘടന തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിലാണിത്.




സമരത്തിൽ പങ്കെടുക്കുന്നതിൽനിന്ന് ജീവനക്കാരെ പിന്തിരിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര പേഴ്സണൽ ഡിപ്പാർട്മെന്റ് എല്ലാ മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും കത്ത് നൽകി. കാഷ്വൽ ലീവ്, ധർണ്ണ, മെല്ലെപ്പോക്ക് തുടങ്ങിയ പ്രതിഷേധ മാർഗങ്ങൾ സ്വീകരിക്കുന്നവർക്കെതിരേ കേന്ദ്ര സർക്കാർ ജീവനക്കാർക്കായുള്ള പെരുമാറ്റ ചട്ടങ്ങളുടെ ഏഴാം വകുപ്പ് പ്രകാരം ഉള്ള നടപടി സ്വീകരിക്കാൻ പേഴ്സണൽ വകുപ്പ് നിർദേശം നൽകി. ഇതിന് പുറമെ അനുമതിയില്ലാതെ ജോലിയിൽനിന്ന് വിട്ടുനിൽക്കുന്നവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകരുതെന്നും പേഴ്സണൽ മന്ത്രാലയം നിർദേശിച്ചു.

ഇക്കാര്യങ്ങൾ ജീവനക്കാരെ അറിയിക്കാനും സമരത്തിൽ പങ്കെടുക്കുന്നതിൽനിന്ന് അവരെ പിന്തിരിപ്പിക്കാനും മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും മേധാവികളോട് നിർദേശിച്ചിട്ടുണ്ട്. ജോലിക്കെത്തുന്ന ജീവനക്കാർക്ക് ഓഫീസുകളിൽ പ്രവേശിക്കുന്നതിന് എല്ലാ ക്രമീകരണം ഒരുക്കണമെന്നും കത്തിൽ നിർദേശിച്ചിട്ടുണ്ട്. എത്ര ജീവനക്കാർ സമരത്തിൽ പങ്കെടുത്തു എന്നതിന്റെ കണക്ക് ഇന്ന് (ചൊവ്വാഴ്ച) വൈകിട്ട് തന്നെ പേഴ്സണൽ മന്ത്രാലയത്തെ അറിയിക്കണമെന്നും കത്തിൽ നിർദേശിച്ചിട്ടുണ്ട്.

ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കൽ വിഷയം സജീവമായി ഉയർത്താൻ പ്രതിപക്ഷ പാർട്ടികൾ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടിയാണ് കേന്ദ്ര സർക്കാർ സമരത്തിനെതിരേ കർശന നടപടി സ്വീകരിക്കുന്നത്.



## ഷി ചിൻപിങ് റഷ്യയിലെത്തി; പുട്ടിനുമായി കൂടിക്കാഴ്ച

**മോസ്കോ:** ത്രിദിന സന്ദർശനത്തിനായി ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ് റഷ്യയിലെത്തി. റഷ്യയ്ക്കെതിരായ പോരാട്ടത്തിൽ യുക്രെയ്നെ യുഎസ് ഉൾപ്പെടെയുള്ള രാജ്യങ്ങൾ സഹായിക്കുന്ന സാഹചര്യത്തിൽ ചൈനീസ് പ്രസിഡന്റിന്റെ സന്ദർശനം റഷ്യയ്ക്കു പ്രധാനമാണ്.

റഷ്യയ്ക്ക് ആയുധം നൽകി സഹായിക്കാനാണ് ചൈനയുടെ നീക്കമെന്ന് പാശ്ചാത്യ രാജ്യങ്ങൾ ആരോപിച്ചിരുന്നു. ഇക്കാര്യം ചൈന നിഷേധിച്ചു. സാമ്പത്തിക പങ്കാളിത്തം വർധിപ്പിക്കാനും രാഷ്ട്രീയപരമായ വിശ്വാസം ഉറപ്പിക്കുന്നതിനുമാണ് സന്ദർശനമെന്ന് റഷ്യാ സന്ദർശനത്തിന് മുന്നോടിയായി ഷി പറഞ്ഞു.

യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുന്നതിന് 12 നിർദേശങ്ങളും ചൈന മുന്നോട്ട് വച്ചിരുന്നു. റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിനുമായി ഷി ചിൻപിങ് കൂടിക്കാഴ്ച നടത്തി. വരും ദിവസങ്ങളിലും ഉന്നത ഉദ്യോഗസ്ഥരും മറ്റുമായി കൂടിക്കാഴ്ച നടത്തും.



# ലക്ഷ്യം അഞ്ചു കോടിയുടെ അലങ്കാരമത്സ്യ വിപണനം; കാവിൽ ബയർ സെല്ലർ സംഗമം വൻ വിജയം

ഹരിതം

കോവിഡ് വരുത്തിവച്ച കനത്ത ആഘാതത്തിൽനിന്ന് കരകയറാൻ പദ്ധതികൾ ആവിഷ്കരിച്ച് കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ). അലങ്കാരമത്സ്യമേഖലയിൽ അഞ്ഞൂറിലേറെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാനായി ആവിഷ്കരിച്ച പദ്ധതികളിലൂടെ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാനായി ആലുവ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാവിൽ നടത്തിയ കർമപരിപാടികൾ നൂറു കണക്കിന് കുടുംബങ്ങൾക്കാണ് ആശ്വാസമായതായി അധികൃതർ അറിയിച്ചു.



വിപണി കണ്ടെത്താനാവാതെ വിഷമിച്ചിരുന്ന കർഷകർക്ക് പരിഹാരമായി നടപ്പിലാക്കിയ ബയർ സെല്ലർ മീറ്റാണ് അലങ്കാരമത്സ്യ സംരംഭകരുടെ തലവര മാറ്റിയത്. ഇതിലൂടെ, രാജ്യത്തെവിടെയുമുള്ള അലങ്കാരമത്സ്യ വ്യാപാരികളെ കർഷകരിലേക്ക് അടുപ്പിക്കാനായി. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 72 ലക്ഷത്തോളം രൂപയുടെ മീൻവിൽപന ഇതുവഴി നടന്നു. എല്ലാ തിങ്കളാഴ്ചകളിലും രാവിലെ 9 മുതൽ 12 വരെയാണ് ബയർ സെല്ലർ മീറ്റ് നടക്കുക. ഓരോ സംഗമത്തിലും ഏകദേശം രണ്ടു ലക്ഷം രൂപയുടെ വർണമീനുകൾ വിൽപന നടത്താൻ കർഷകർക്ക് സാധിക്കുന്നുണ്ടെന്ന് കാവിൽ മാനേജിങ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഫിഷറീസ് എറണാകുളം മേഖല ജോയിന്റ് ഡയറക്ടർ എം.എസ്.സാജു പറഞ്ഞു.

ഓരോ മാസവും അലങ്കാരമത്സ്യങ്ങളുടെ വിൽപനയിൽ വർധന ഉണ്ടാകുന്നുണ്ട്. 2025 ആകുമ്പോഴേക്ക് പ്രതിവർഷം അഞ്ചു കോടി രൂപയുടെ വിൽപനയാണ് കാവിൽ ലക്ഷ്യമിടുന്നത്. ഇകൊമേഴ്സ് സൗകര്യംകൂടി ഉൾപ്പെടുത്തി നവീകരിച്ച വെബ്സൈറ്റ് നിലവിൽ വന്നതോടെ മത്സ്യവിപണനം കൂടുതൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷ.

കാവിൽ നൽകിയ പരിശീലനത്തിലൂടെയാണ് അലങ്കാരമത്സ്യമേഖലയിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ നിലവിൽ വന്നത്. ഇടനിലക്കാരെ ഒഴിവാക്കി മീനുകൾക്ക് ഉയർന്ന വില ലഭ്യമാക്കാൻ തുടങ്ങിയതോടെ കൂടുതൽ പേർ അലങ്കാരമത്സ്യകൃഷിയിലേക്ക് തിരിയുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്ന മത്സ്യങ്ങളേക്കാൾ ഗുണമേന്മയും ആരോഗ്യവുമുണ്ടെന്നതാണ് കേരളത്തിലെ വർണമത്സ്യങ്ങൾക്കുള്ള സ്വീകാര്യത. കാവിലിന്റെ മാർക്കറ്റിങ് കൺസൽട്ടന്റും കുസാറ്റ് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ. മിനി ശേഖരന്റെ പിന്തുണയോടെ മത്സ്യ മൊത്തകച്ചവടക്കാരെയും ഇറക്കുമതിക്കാരെയും ആകർഷിക്കുന്നതിനുള്ള നടപടികളാണ് കാവിൽ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതിലൂടെ, കാവിലിനെ രാജ്യത്തെ അലങ്കാരമത്സ്യ ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം. അലങ്കാരമത്സ്യമേഖലയുടെ വികസനത്തിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ നോഡൽ ഏജൻസിയായ കാവിൽ ഫിഷറീസ് വകുപ്പിന് കീഴിൽ 2007ലാണ് സ്ഥാപിതമായത്.

എല്ലാതരം ഉപയോക്താക്കളുടെയും താൽപര്യങ്ങൾക്കനുസരിച്ച് വൻതോതിൽ ഗുണമേന്മയുള്ള മീനുകളുടെ ഉൽപാദനം നടത്താനുള്ള പരിശീലനം കർഷകർക്ക് നൽകിവരുന്നുണ്ട്. വ്യാപാരികളെയും കർഷകരെയും ഒരു കുടക്കീഴിൽ അണിനിരത്താനാണ് കാവിൽ ശ്രമിച്ചതെന്ന് ഡോ. മിനി ശേഖരൻ പറഞ്ഞു. കോയ് കാർപ്, ഓസ്കാർ, എയ്ഞ്ചൽ, സിക്ലിഡ്, ടെട്ര തുടങ്ങിയ വർണമത്സ്യങ്ങൾക്കാണ് കൂടുതൽ ആവശ്യക്കാരുള്ളത്.

### ഉന്നതതല പരിശീലനം

ആഭ്യന്തരവിപണിക്കൊപ്പം കയറ്റുമതി കൂടി ലക്ഷ്യമിട്ട് കൂടുതൽ മീനുകളുടെ പ്രജനനസാങ്കേതികവിദ്യയും ഈ രംഗത്തെ ഏറ്റവും പുതിയ രീതികളും കർഷകരെ പരിചയപ്പെടുത്തുന്നതിനായി ഈ മാസം 24നും 25നും ഉന്നതതല പരിശീലനപരിപാടി സംഘടിപ്പിക്കുന്നുണ്ട്. അലങ്കാരമത്സ്യരംഗത്ത് ആഗോളതലത്തിൽ വിദഗ്ധരായ ശ്രീലങ്കയിലെ കപില ടിസേര, മുംബൈയിലെ ശ്രീറാം ഹത്വലിനെ തുടങ്ങിയവർ ക്ലാസുകൾ നയിക്കും

## തണലിൽ വളരും കാങ്കോങ് ചീര: അടുക്കളയിലേക്കൊരു വേറിട്ട പച്ചക്കറി

മധുരക്കിഴങ്ങിന്റെ കുടുംബത്തിൽ പിറന്ന കാങ്കോങ് ചീര, നെൽപാടങ്ങളിലും വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലും നന്നായി വളരും. വലിയ പരിചരണം ആവശ്യമില്ല. ഇതിനു വെള്ളച്ചീരയെന്നും പേരുണ്ട്. വൈറ്റമിൻ എ, സി, ഇരുമ്പ്, സോഡിയം, പൊട്ടാസ്യം, കാത്സ്യം, ബീറ്റ കരോട്ടിൻ, നാരുകൾ എന്നിവയാൽ സമ്പന്നം. ഉഷ്ണകാലാവസ്ഥയിൽ നന്നായി വളരുന്നു. അതിശൈത്യം ഇഷ്ടപ്പെടുന്നില്ല. ചൂടുള്ള പ്രദേശങ്ങളിൽ സുസ്ഥിര വിളയായിരിക്കും. എന്നാൽ അമിത മഴയിലും നന്നായി വളരും. ഉപ്പുരസമുള്ള മണ്ണിലും ക്ഷാരസ്വഭാവമുള്ള മണ്ണിലും നന്നായി വളരും. വരൾച്ചയെ ഒരു പരിധിവരെ ചെറുക്കാൻ കഴിവുണ്ട്.

നല്ല സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലമാണ് ഏറ്റവും യോജ്യം. എന്നാൽ തണലിലും വളരും. ഹൈഡ്രോപോണിക്സ് രീതിയിലും വളർത്താം. വിത്തുകൾ വഴിയും കമ്പുകൾ മുറിച്ചു നട്ടും പുതിയ തൈകൾ ഉൽപാദിപ്പിക്കാം. തണ്ടുകൾ നടുന്നതാണ് എളുപ്പം. 20,25 സെ.മീ. നീളമുള്ള തണ്ടുകൾ നാമ്പില മാത്രം നിർത്തി, നട്ട് തണൽ നൽകണം.

നിലം നന്നായി കിളച്ചൊരുക്കി ട്രൈക്കോഡെർമ സമ്പുഷ്ട ചാണകം ചതുരശ്രമീറ്ററിന് രണ്ടര കിലോ എന്ന തോതിൽ ചേർക്കണം. വിത്തുകൾ ഒരു ദിവസം വെള്ളത്തിൽ കുതിർത്തിട്ടു പാകുന്നതാണ് നല്ലത്. 10 , 12 സെ.മീ. ഉയരം ആകുമ്പോൾ 30 സെ.മീ. അകലത്തിൽ പറിച്ചുനട്ടു തണൽ നൽകുക. വൈകുന്നേരമാണ് പറി ച്ചുനടാൻ യോജ്യം. നട്ട് ഒരാഴ്ചയ്ക്കുശേഷം ആഴ്ചയിൽ ഒരിക്കൽ ഗോമൂത്രം ആറിരട്ടി വെള്ളം ചേർത്ത് നേർ പ്പിച്ചു തളിക്കണം. രണ്ടാഴ്ചയിലൊരിക്കൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളി ക്കണം. നട്ട് ഒന്നര മാസത്തിനുശേഷം ഇളം തണ്ടുകളും ഇലകളും വിളവെടുത്ത് ഉപയോഗിക്കാം. ചെടിയുടെ നാമ്പു നുള്ളിക്കൊടുത്താൽ കൂടുതൽ ഇളം ഇലകളും തണ്ടുകളും ലഭിക്കും.



വെള്ളച്ചീരയ്ക്ക് ഒട്ടേറെ ഔഷധഗുണങ്ങളുണ്ട്. ഇരുമ്പ് ധാരാളമുള്ളതുകൊണ്ട് ഗർഭിണികൾക്കു നല്ലതാണ്. ഹൃദയം, കരൾ, കണ്ണ്, ത്വക്ക്, ആമാശയം, മുടി എന്നിവയുടെ ആരോഗ്യം സംരക്ഷിക്കുന്നു. നീരോക്സീകാരി കൾ അടങ്ങിയതിനാൽ തോരനായും കട്‌ലറ്റ് ആയും കഴിക്കാം. മുട്ട ചേർത്തും സൂപ്പിൽ ചേർത്തും കഴിക്കാം.

### സഹകരണ സർവീസ് പരീക്ഷാ കലണ്ടറായി; ആദ്യഘട്ട പരീക്ഷ ഓഗസ്റ്റിൽ

വിവിധ തസ്തികകളിലേക്ക് സഹകരണ സംഘം/ബാങ്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് ഏപ്രിൽ, ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് സഹകരണ സർവീസ് പരീക്ഷാ ബോർഡ് ഡെപ്യൂട്ടി രജിസ്ട്രാർ അറിയിച്ചു.വിജ്ഞാപനങ്ങളുമായി ബന്ധപ്പെട്ട പരീക്ഷകൾ യഥാക്രമം 2023 ഓഗസ്റ്റ്, ഡിസംബർ, 2024 ഏപ്രിൽ മാസങ്ങളിലായി നടത്തും. മൂല്യനിർണയത്തിനുശേഷം ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ ഇന്റർവ്യൂ മാർക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് എത്രയും വേഗം റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച് അഡ്വൈസ് നടപടികൾ കൈക്കൊള്ളും. അടുത്ത വിജ്ഞാപനം 2023 ഏപ്രിൽ 24ന് പുറപ്പെടുവിക്കും.




## ചിന്നക്കനാലിൽ അനധികൃത കയ്യേറ്റം ഒഴിപ്പിച്ചു

**ചിന്നക്കനാൽ:** സിംഗുകണ്ടം ഭാഗത്ത് ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് തിരിച്ചിട്ടിരുന്ന പ്ലോട്ടുകളിലെ അനധികൃത കയ്യേറ്റം റവന്യു വകുപ്പ് ഒഴിപ്പിച്ചു. എൽ സി മത്തായി കൂനംമാക്കൽ, മത്തായി കൂനംമാക്കൽ എന്നിവർ ചേർന്ന് കൈയേറിയിരുന്ന 8.9 ഏക്കർ സ്ഥലവും ,സി. പാൽരാജ് കയ്യേറിയിരുന്ന 4.7 ഏക്കർ സ്ഥലവുമാണ് ഒഴിപ്പിച്ചത്. പാൽരാജ് ആനയിറങ്കൽ ജലാശയത്തിന്റെ ക്യാച്ച് മെൻറ് ഏരിയയിലും കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിരുന്നു. പാൽരാജ് മരണപ്പെട്ടുപോയതിനാൽ മകൻ ജയപാലിനാണ് നിയമപ്രകാരമുള്ള നോട്ടീസ് നൽകിയത്. നോട്ടീസ് കൈപ്പറ്റിയ ശേഷവും ഒഴിയാത്തതിനെത്തുടർന്ന് രണ്ടു ദിവസത്തിനകം കയ്യേറ്റം ഒഴിയണമെന്ന് കാണിച്ച് കഴിഞ്ഞ വ്യാഴാഴ്ച വീണ്ടും നോട്ടീസ് നൽകി. തുടർന്ന് ജില്ലാ കളക്ടർ ഷീബ ജോർജിന്റെ നിർദേശ പ്രകാരം ഉടുമ്പൻചോല തഹസിൽദാറിന്റെ നേതൃത്വത്തിൽ ഇന്ന് ഒഴിപ്പിക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം സർക്കാർ ഏറ്റെടുത്തു . അനധികൃത കയ്യേറ്റം ഒഴിയണമെന്ന് ആവശ്യപ്പെട്ടു നൽകിയ നോട്ടീസിനെതിരെ പ്രസ്തുത വ്യക്തികൾ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസുകൾ നൽകിയെങ്കിലും കയ്യേറ്റം ഒഴിപ്പിക്കണമെന്നായിരുന്നു കോടതി വിധി. വീണ്ടെടുത്ത ഭൂമി ആദിവാസികൾക്ക് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്നും, അനധികൃതകൈയ്യേറ്റങ്ങൾക്കെതിരെ നടപടികൾ തുടരുമെന്നും അറിയിച്ചു.




# എമർജൻസി മെഡിസിൻ പരിശീലനത്തിന് പുതിയ സംവിധാനം നടപ്പാക്കും

**തിരുവനന്തപുരം:** ട്രോമാ കെയർ, എമർജൻസി മെഡിസിൻ മേഖലയിലെ പരിശീലന പദ്ധതിക്കായി തിരുവനന്തപുരത്തെ അപക്സ് ട്രോമ ആൻഡ് എമർജൻസി ലേണിങ് സെന്ററിൽ (എടിഇഎൽസി) 25,000 ചതുരശ്ര അടിയിൽ പുതിയ സംവിധാനം നടപ്പാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റും തിരുവനന്തപുരം മെഡിക്കൽ കോളജിലെ എമർജൻസി മെഡിസിൻ വകുപ്പും ചേർന്നു സംഘടിപ്പിച്ച പ്രഥമ കേരള എമർജൻസി മെഡിസിൻ സമ്മിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. എടിഇഎൽസിയിൽ ടാറ്റ ട്രസ്റ്റിന്റെ സ്പോൺസർഷിപ്പോടെ 5 കോഴ്സുകൾ നടത്തുന്നുണ്ട്. ഇവ കൂടുതൽ വിപുലീകരിക്കാനും മികവുറ്റ പരിശീലനം നൽകാനുമായി പുതുതായി 25,000 ചതുരശ്ര അടി സ്ഥലം കൂടി അനുവദിക്കും.

അപകടത്തിൽപ്പെട്ട് അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിക്കുന്ന ആളുടെ ആദ്യ 48 മണിക്കൂറിലെ ചികിത്സ ചെലവു സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ലോകാരോഗ്യ സംഘടനാ പ്രതിനിധി പെയ്ഡൻ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ എന്നിവർ പ്രസംഗിച്ചു.

## ഐ. ടി വ്യവസായത്തിന്റെ മുന്നേറ്റത്തിനായി ഐ. ടി വിദഗ്ധരുടെ അഭിപ്രായം തേടി

കേരളത്തിലെ ഐ. ടി വ്യവസായ മേഖലയുടെ മുന്നേറ്റത്തിനായി ഐ. ടി രംഗത്തെ വിദഗ്ധരുടെ അഭിപ്രായം തേടി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഐ. ടി ഹൈപവർ കമ്മിറ്റി യോഗം നടന്നു.  ഐ. ടി രംഗത്തെ കമ്പനികളുടെ പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു. കേരളത്തിലെ ഐ. ടി മേഖലയുടെ കുതിപ്പിനായി പുതിയ ആശയങ്ങൾ യോഗത്തിൽ പങ്കെടുത്ത വിദഗ്ധർ മുന്നോട്ടു വച്ചു. കേരളത്തിന്റെ പ്രത്യേകതകളും സാധ്യതകളും എടുത്തുകാട്ടി ഐ. ടി കേന്ദ്രം എന്ന നിലയിൽ പ്രചാരം നൽകേണ്ടതുണ്ടെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. ഐ.ടിയുടെ വളർച്ചയ്ക്ക് ഊന്നൽ നൽകേണ്ട മേഖലകളെക്കുറിച്ചും ഐ. ടിയെ ബ്രാൻഡ് ചെയ്യേണ്ടതിന്റേയും മാർക്കറ്റ് ചെയ്യേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ചും ചർച്ച ചെയ്തു.

യോഗത്തിൽ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ്, ഐ. ടി സെക്രട്ടറി രത്തൻ ഖേൽക്കർ, ഇൻഫോസിസ് മുൻ സി. ഇ. ഒ എസ്. ഡി. ഷിബുലാൽ, ടി. സി. എസ് സെന്റർ ഹെഡ് ദിനേശ് തമ്പി, ജിഫി. എ ഐ സി. ഇ. ഒ ബാബു ശിവദാസൻ, മെഡ്ജിനോം സി. ഇ. ഒ സാം സന്തോഷ്, അലയൻസ് സർവീസസ് ഇന്ത്യ സി. എം. ഡി ജിസൺ ജോൺ, ഡയറക്ടർ ഇ ആന്റ് വൈ റിച്ചാർഡ് ആന്റണി, യു. എസ്. ടി സി. എ. ഒ അലക്സാണ്ടർ വർഗീസ്, ഐ. ബി. എസ് സ്ഥാപക ചെയർമാൻ വി. കെ. മാത്യൂസ് തുടങ്ങിയവർ പങ്കെടുത്തു

# കൊയ്ത്ത് ആരംഭിച്ചിട്ട് ഒരുമാസംഇതുവരെ സംഭരിച്ചത് 28530 മെട്രിക് ടൺ നെല്ല്



**എടത്വ :** കൊയ്ത്ത് ആരംഭിച്ച് ഒരുമാസം പിന്നിട്ടപ്പോൾ ഇതുവരെ സംഭരിച്ചത് 28530.9 മെട്രിക് ടൺ നെല്ല്. മില്ലുകാർക്കു ഇതിനോടകം അലോട്ട് ചെയ്തത് 11600 ഹെക്ടർ. കൊയ്തു കഴിഞ്ഞതും കൊയ്ത്തു നടക്കുന്നതുമായ പാടശേഖരത്തിന്റെ കണക്കാണിത്. കൊയ്ത്ത് പൂർത്തിയായത് 10000 ഹെക്ടറോളം ആണ്. 10 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ വിളവാണ് ഇക്കുറി ഉണ്ടായിരിക്കുന്നതെന്നാണ് കർഷകരും പാഡി മാർക്കറ്റിങ് അധികൃതരും പറയുന്നത്. കുട്ടനാടിന്റെ വടക്കൻ മേഖലയിലാണ് ഏറ്റവും കുറവ് അനുഭവപ്പെടുന്നത്. ഏക്കറിന് 25 ക്വിന്റലിനു മുകളിൽ ലഭിക്കുമെന്ന പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 20 ൽ താഴെ വിളവു മാത്രമാണ് ലഭിക്കുന്നത്. ഏക്കറിന് 40000 രൂപ വരെ ചെലവ് വന്നിരുന്നു.

പാട്ടക്കൃഷിക്കാർക്ക് പാട്ടത്തുക കൂടി ചെലവു വന്നിരുന്നു. ഇതിനിടയിലാണ് കിഴിവിന്റെ പേരിൽ കർഷകരെ ചൂഷണം ചെയ്യുന്നത്. മഴയ്ക്കു മുൻപ് നെല്ല് പാടത്തു നിന്ന് എടുത്തു മാറ്റേണ്ടതിനാൽ കർഷകർ വിട്ടുവീഴ്ചയ്ക്കു തയാറാകുകയാണ്.നെല്ല് സംഭരണം തുടങ്ങി ഒരുമാസം പിന്നിടുമ്പോഴും കർഷകർക്ക് വില എന്നു കിട്ടുമെന്നറിയാത്ത അവസ്ഥയിലാണ്. ഏതു ബാങ്കിൽ നിന്നാണ് ലഭിക്കുന്നതെന്നു പോലും കർഷകർക്ക് പിടിയില്ല. വിളവിലെ കുറവിലുണ്ടായ നഷ്ടത്തിനു പുറമേ വായ്പ എടുത്തു കൃഷി ചെയ്ത കർഷകർക്ക് പലിശ കൂടി കൊടുക്കേണ്ട അവസ്ഥയാണ്. കർഷകരിൽ നിന്നു സംഭരിച്ച നെല്ലിന്റെ വില എന്നു കൊടുക്കാൻ സാധിക്കുമെന്ന് സപ്ലൈകോ അധികൃതരും പറയുന്നില്ല. സർക്കാർ പണം ലഭ്യമാക്കാത്തതാണ് കാരണമായി പറയുന്നത്.

സപ്ലൈകോ ഇക്കഴിഞ്ഞ രണ്ടാം കൃഷി സമയത്ത് വില കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ടു നൽകിയതു പോലെ നൽകുകയാണോ മുൻകാലങ്ങളിലെ പോലെ പിആർഎസ് വായ്പയായി കർഷകരുടെ അക്കൗണ്ടിൽ എത്തുകയാണോ അതോ കേരള ബാങ്കിൽ നിന്നു ലഭിക്കുകയാണോ എന്നൊന്നും അറിയാതെ പിആർഎസ് കയ്യിൽ വച്ച് എന്തു ചെയ്യണമെന്നറിയാതെ കർഷകർ വിഷമിക്കുകയാണ്. ഇപ്പോൾ സംഭരിച്ച നെല്ലിന്റെ കണക്കനുസരിച്ചു മാത്രം 80.5 കോടി രൂപയാണ് ജില്ലയിൽ കൊടുക്കേണ്ടത്. കൂടാതെ 3 കോടിയോളം രൂപ കൈകാര്യച്ചെലവായി കർഷകർക്ക് കൊടുക്കുകയും വേണം.ഇക്കുറി 27500 ഹെക്ടറിലാണ് ജില്ലയിൽ കൃഷി ചെയ്തിരിക്കുന്നത്.

ഈ മാസം തന്നെ 18000 ഹെക്ടറിൽ വിളവെടുപ്പ് പൂർത്തിയാക്കുമെന്നായിരുന്നു കലക്ടറേറ്റിൽ നടന്ന അവലോകന യോഗത്തിൽ കൃഷി വകുപ്പ് പറഞ്ഞിരുന്നെങ്കിലും പകുതി മാത്രമാണ് പൂർത്തിയായിട്ടുള്ളത്. സംഭരണം താമസിക്കുന്നതായും പരാതിയുണ്ട്.



# പത്തനംതിട്ട നഗരത്തിന് പരിസ്ഥിതി ആഘാതം

**പത്തനംതിട്ട:** നഗരസഭ ഒന്നാംവാർഡിൽ തോന്ന്യാമല, തോണിക്കുഴി പ്രദേശങ്ങളോടു ചേർന്ന പട്ടംതറ ഭാഗത്ത് പ്രദേശവാസികളുടെ എതിർപ്പു മറികടന്ന് വൻകിട കന്പനികൾക്ക് മണ്ണെടുക്കാൻ അനുമതി നൽകിയത് വിവാദത്തിൽ. ലോഡ് കണക്കിന് മണ്ണ് നാട്ടുകാരുടെ എതിർപ്പ് മറികടന്നു കടത്തിക്കൊണ്ടുപോകുന്നതായാണ് പരാതി. എതിർക്കുന്നവർക്കുനേരെ ഭീഷണിയും ആക്രമണവും ഉണ്ടാകുന്നു.

പത്തനംതിട്ട വില്ലേജിലെ സർവേ നന്പർ 58/ 1. 25, 58!!/ 1 9 ഉൾപ്പെട്ട 80 ആർ വസ്തുവിൽനിന്നു മണ്ണ് മാറ്റുന്നതിലേക്ക് എക്സ്പ്രസ് ഹൈവേ ലിമിറ്റഡ് കന്പനിയുടെ പേരിൽ സ്വകാര്യവ്യക്തി വാങ്ങിയ അനുമതിയുടെ മറവിലാണ് വൻതോതിൽ മണ്ണ് കടത്തുന്നതെന്നു പറ!യുന്നു. ദേശീയപാത വികസനത്തിനടക്കം മണ്ണെടുക്കാൻ വേണ്ടിയാണ് ജിയോളജി വകുപ്പിൽനിന്നടക്കമുള്ള അനുമതി വാങ്ങിയിരിക്കുന്നത്.

അനുമതിയുടെ മറവിൽ രാപകലില്ലാതെ ടോറസ് ലോറിയിൽ മണ്ണ് കയറ്റി പടിഞ്ഞാറൻ മേഖലയിലേക്കു പായുകയാണ്. ഇതിനെതിരേ പരാതികളുണ്ടായിട്ടും നടപടികളെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയാറാകുന്നില്ല.

മണ്ണെടുപ്പിന് ജിയോളജി വകുപ്പ് നൽകിയ അനുമതിക്കൊപ്പമുള്ള വ്യവസ്ഥകൾ മറികടന്നാണ് ഖനനം നടക്കുന്നതെന്നാണ് ആക്ഷേപം. ലോഡ് കണക്കിനു മണ്ണെടുക്കുന്നതുമൂലം ഗുരുതരമായ പരിസ്ഥിതി പ്രത്യാഘാതം പ്രദേശത്തു നേരിടേണ്ടിവരുന്നുണ്ട്.

# മാലിന്യസംസ്കരണത്തിൽ വീട്ടുവീഴ്ചയില്ലാത്ത നടപടി: മന്ത്രി എം.ബി രാജേഷ്

**കൊച്ചി:** ജില്ലയിലെ മാലിന്യ സംസ്കരണം സുഗമമാക്കാൻ ആവിഷ്കരിച്ച കർമ്മപദ്ധതിയുടെ പുരോഗതി വിലയിരുത്താൻ തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെയും ജില്ലയുടെ ചുമതയുള്ള മന്ത്രി പി.രാജീവിന്റെയും നേതൃത്വത്തിൽ പ്രത്യേക അവലോകന യോഗം ചേർന്നു. കർമ്മ പദ്ധതി പ്രകാരം ഇതുവരെ ചെയ്ത കാര്യങ്ങൾ ജില്ലയിലെ എല്ലാ നഗരസഭകളോടും മന്ത്രി എം.ബി. രാജേഷ് ചോദിച്ചറിഞ്ഞു. ജില്ലയിലെ എല്ലാ നഗരസഭകളിലും കർമ്മപദ്ധതി പ്രകാരമുള്ള പ്രത്യേക കൗൺസിൽ യോഗം ചേർന്നിട്ടുണ്ട്. കൊച്ചി കോർപ്പറേഷൻ പരിധിയിലെ ഭവനസന്ദർശന ബോധവത്കരണ പരിപാടിക്ക് മുന്നോടിയായി സന്ദർശന സംഘത്തിലുള്ളവർക്ക് മാർച്ച് 23, 24 തീയതികളിലായി പരിശീലനം നൽകും. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ എൻ.എസ്.എസ് വൊളണ്ടിയേഴ്സ്, ആശാ പ്രവർത്തകർ, ഹരിതകർമ്മ സേനാംഗങ്ങൾ തുടങ്ങിയവരുടെ സംഘമാണ് ബോധവത്കരണ പ്രവർത്തനം നടത്തുന്നത്. മാർച്ച് 25, 26 തീയതികളിൽ കൊച്ചി നഗരസഭാ പരിധിയിലെ എല്ലാ വീടുകളിലും സന്ദർശനം പൂർത്തിയാക്കുകയാണ് ലക്ഷ്യം. മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച വിശദമായ വിവരങ്ങൾ അടങ്ങിയ നോട്ടീസും വിതരണം ചെയ്യും. ഇതേ മാതൃകയിൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളും നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോകാൻ മന്ത്രി നിർദേശിച്ചു. എല്ലാ ആഴ്ചയിലും പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ അവലോകന യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു.ബോധവത്കരണത്തിന് ശേഷം മാലിന്യ സംസ്കരണ നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ നടപടിയുണ്ടാകും. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ വീടുകളിലുണ്ടോ, ഉണ്ടെങ്കിൽ അവ കൃത്യമായാണോ പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകും. ഹരിതകർമ്മ സേനാംഗങ്ങൾ അപര്യാപ്തമായ തദ്ദേശ സ്ഥാപനങ്ങൾ ഉടൻ കുറവ്



നകത്തണം. മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ (എം.സി.എഫ്) എണ്ണം കുറവുള്ള തദ്ദേശ സ്ഥാപനങ്ങൾ അടിയന്തരമായി അവ സ്ഥാപിക്കാനുള്ള നടപടിയെടുക്കണം. മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ആവശ്യമായ പരിശീലനം ഉറപ്പാക്കണമെന്നും യോഗം നിർദേശിച്ചു. ഏപ്രിൽ പത്തിനകം മുഴുവൻ വീടുകളിലും ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കർമ്മപദ്ധതി ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നത്. പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ മാലിന്യമുക്തമായി പ്രഖ്യാപിക്കും.ഓൺലൈനായി ചേർന്ന യോഗത്തിൽ ജില്ലയിലെ എം.എൽ.എമാർ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# എന്റെ കേരളം 2023 മെഗാ പ്രദർശനം :സംസ്ഥാനതല ഉദ്ഘാടനം ഏപ്രിൽ 3 ന്

### മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംഘാടക സമിതി രൂപീകരിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ നേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്ന എന്റെ കേരളം മെഗാ പ്രദർശനവിപണന മേളയുടെ രണ്ടാം പതിപ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളത്ത് നടക്കും. മറൈൻ ഡ്രൈവിൽ ഏപ്രിൽ മൂന്നിന് വൈകിട്ട് ഏഴിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. യുവതയുടെ കേരളം, കേരളം ഒന്നാമത് എന്നീ ആശയങ്ങളിലൂന്നി ആവിഷ്കരിക്കുന്ന മേള ഏപ്രിൽ മൂന്നു മുതൽ ഒൻപത് വരെയാണ്. തുടർന്ന് മേയ് 20 വരെ മറ്റ് ജില്ലകളിൽ എന്റെ കേരളം 2023 മേള സംഘടിപ്പിക്കും. ഈ ദിവസങ്ങളിൽ വ്യത്യസ്തമായ കലാപരിപാടികളും പ്രത്യേക ഫുഡ്കോർട്ടും ഉണ്ടാകും. സംസ്ഥാന സർക്കാരിന്റെ വികസനക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതാകും പ്രദർശനം. കേരളം ഒന്നാമതെത്തിയ നേട്ടങ്ങളുടെ പ്രദർശനം, ടൂറിസം നേട്ടങ്ങൾ, സർക്കാരിന്റെ സേവനങ്ങളും പദ്ധതികളും അവതരിപ്പിക്കുന്ന സ്റ്റാളുകൾ, യുവാക്കൾക്ക് സേവനം നൽകുന്ന യൂത്ത് സെഗ്മെന്റ്, വിദ്യാഭ്യാസ, തൊഴിൽ, കിഫ്ബി ബ്ലോക്കുകളും വിപണന സ്റ്റാളുകളുമുണ്ടാകും. എറണാകുളത്തെ മേളയുടെ നടത്തിപ്പിനായി വ്യവസായ വകുപ്പ് മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംഘാടക സമിതി രൂപീകരിച്ചു. മികച്ച ഏകോപനത്തോടെയും യുവജനങ്ങളുടേത് ഉൾപ്പെടെ പൊതുജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് മേള സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. മേളയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നടപടികൾ കൃത്യതയോടെ പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി. ജനപ്രതിനിധികൾ മേളയുടെ നടത്തിപ്പുകാരായി മാറണമെന്നും മന്ത്രി അഭ്യർത്ഥി




ച്ചു. യുവാക്കളുടെ വൻ പങ്കാളിത്തം ഉറപ്പാക്കും. കല, കായികം, വിവിധ ആക്ടിവിറ്റികൾ, സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന സ്റ്റാളുകൾ തുടങ്ങി വിവിധതരം പരിപാടികൾ യുവാക്കൾക്കായി മേളയിലുണ്ടാകുമെന്നും മന്ത്രി പറഞ്ഞു. മന്ത്രി പി.രാജീവാണ് സംഘാടക സമിതി മുഖ്യ രക്ഷാധികാരി. ജില്ലയിലെ എം.പിമാർ, എം.എൽ.എമാർ, കൊച്ചി മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജി.സി.ഡി.എ ചെയർമാൻ എന്നിവർ രക്ഷാധികാരികളാണ്. ജില്ലാ കളക്ടർ സംഘാടക സമിതി ചെയർമാനും ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറുമാണ്. പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി, കുടുംബശ്രീ മിഷൻ ജില്ലാ കോ ഓഡിനേറ്റർ എന്നിവർ വൈസ് ചെയർമാൻമാരാണ്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ, ജി.സി.ഡി.എ സെക്രട്ടറി എന്നിവരാണ് ജോയിന്റ് കൺവീനർമാർ. വിവിധ വകുപ്പ് മേധാവികൾ, കോർപ്പറേഷൻ ഡിവിഷൻ കൗൺസിലർമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിവിധ കോർപ്പറേഷനുകളുടെയും മേധാവിമാർ എന്നിവർ സംഘാടക സമിതി അംഗങ്ങളാണ്. പ്രോഗ്രാം, എക്സിബിഷൻ ആന്റ് സ്റ്റാൾ അലോട്ട്മെന്റ്, ടെക്നിക്കൽ, കൾച്ചറൽ, വൊളന്റിയർ, പബ്ലിസിറ്റി, ലോ ആന്റ് ഓർഡർ, ഫുഡ് സേഫ്റ്റി ആന്റ് സാനിറ്റേഷൻ, മെഡിക്കൽ, ട്രാൻസ്പോർട്ടേഷൻ എന്നീ സബ് കമ്മികൾക്കും യോഗത്തിൽ രൂപം നൽകി. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എം.എൽ.എമാരായ കെ.എൻ ഉണ്ണികൃഷ്ണൻ, കെ.ജെ മാക്സി, ആന്റണി ജോൺ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, സബ് കളക്ടർ പി. വിഷ്ണുരാജ്, അഡീഷ്ണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ രവികുമാർ മീണ, കൊച്ചി കോർപ്പറേഷൻ സ്ഥിരം സമിതി അംഗം പി.ആർ റെനീഷ്, പിആർഡി അഡീഷണൽ ഡയറക്ടർ(ഇൻചാർജ്) കെ.ജി സന്തോഷ്, പിആർഡി റീജണൽ ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഹാസൻ വടുതല, ജില്ലാ ഇൻഫർമേഷൻ ഓഫീസർ നിജാസ് ജുവൽ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി:** അതിഥി തൊഴിലാളി കൾക്കിടയിൽ സംസ്ഥാന സർക്കാരിന്റെ രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചാരണ പരിപാടികളുടെ ഭാഗമായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ കാലടി ഗ്രാമ പഞ്ചായത്ത്, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, എക്സൈസ്, എൻ.ച്ച്.എം എന്നിവരുടെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്കായി മെഗാ മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ് എന്നിവയും ലഹരി വിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിച്ചു.ജില്ല പഞ്ചായത്ത് അംഗം അനി മോൾ ബേബി ഉത്ഘാടനം ചെയ്തു. കാലടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആന്റണി. എം. പി അധ്യക്ഷത വഹിച്ചു.ജില്ല ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ് ) പി. ജി. വിനോദ് കുമാർ അമുഖ പ്രഭാഷണം നടത്തി. അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസർ ടി. കെ. നാസർ സംസാരിച്ചു.ജില്ല വിമുക്തി കോർഡിനേറ്റർ വിപിൻ ജോർജ് ക്ലാസ് എടുത്തു. കാലടി ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിങ് കമിറ്റി ചെയർമാൻ ബിനോയ് കുര്യൻ സിവിൽ എക്സൈസ് ഓഫീസർ കാലടി സാജോ വർഗീസ്, വാർഡ് മെമ്പർമാരായ ശാന്ത ബിനു ഷാനിതാ നൗഷാദ് അസിസ്റ്റന്റ് ലേബർ ഓഫീസർ മാരായ പി. കെ. മനോജ് കുമാർ, കെ.എ.ജയപ്രകാശ് ,ഇ.ജി.രാഖി, ലൂവിത ജാൻസി, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.സർക്കാരിന്റെ ലഹരിമുക്ത കേരളം ക്യാംപയിനിന്റെ ഭാഗമായി അതിഥി തൊഴിലാളി മേഖലയിൽ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും പൂർണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. 500 ൽ അധികം അതിഥി തൊഴിലാളികൾ ക്യാമ്പിൽ പങ്കെടുത്തു.

## അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ

കൊച്ചി: സംസ്ഥാന സർക്കാർ സ്ഥാപനമായ എൽ. ബി. എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖലാകേന്ദ്രത്തിൽ ഏപ്രിൽ മൂന്നിന് എച്ച്ടിഎംഎൽ, സിഎസ്എസ് എന്നിവ ഉപയോഗിച്ച് വെബ് ഡിസൈനിംഗ്, പൈത്തൺ പ്രോഗ്രാമിംഗ്, അഡോബ് ഫോട്ടോഷോപ്പ് ഉപയോഗിച്ച് ഗ്രാഫിക് ഡിസൈൻ, ടാലി, ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ, സി പ്രോഗ്രാമിംഗ് എന്നീ അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നു ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും, ഈ വർഷം എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷ എഴുതുന്നവർക്കും, ഡിഗ്രി വിദ്യാർത്ഥികൾക്കും ഠഠഠ.ഹയരെലിൃേല.സലൃമഹമ.ഴീ.ശി/ലെ്യ ്ശരലെ/രീഘൃലെ എന്ന സൈറ് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9447211055, 9567230577, 0484 2541520.

## താൽക്കാലിക നിയമനം

**കൊച്ചി:**കാക്കനാട് സ്ഥിതി ചെയ്യുന്ന സൈനിക റെസ്റ്റ് ഹൗസിൽ പാർട്ട് ടൈം തൂപ്പുകാരിയുടെ തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷക്ഷണിച്ചു. മാസം 7000 രൂപയാണ് വേതനം. അപേക്ഷകൾ മാർച്ച് 25 ന് മുൻപായി സൈനിക ക്ഷേമ ഓഫീസർ, സിവിൽ സ്റ്റേഷൻ കാക്കനാട് എറണാകുളം 682030 എന്ന വിലാസത്തിലോ, ഓഫീസിൽ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.കൂടുതൽ വിവരങ്ങൾക്ക് 0484 2422239 എന്ന നമ്പറിൽ ബന്ധപ്പെടുക.

# 'സിറ്റി ഫിനാൻസ് റാങ്കിംഗ് 2022' പോർട്ടൽ നിലവിൽ വന്നു

**ന്യൂഡൽഹി :** 'സിറ്റി ഫിനാൻസ് റാങ്കിംഗ് 2022' പോർട്ടൽ, **www.ctiyfinance.in/rankings,** കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം ഇന്നലെ അവതരിപ്പിച്ചു.പൂർണ്ണമായും ഡിജിറ്റലും, 100% കടലാസ് രഹിതവുമായ പ്രക്രിയയിലൂടെ രാജ്യത്തുടനീളമുള്ള നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് റാങ്കിംഗിൽ പങ്കെടുക്കാം. രാജ്യത്തുടനീളമുള്ള മുനിസിപ്പൽ സ്ഥാപനങ്ങളെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെയും ഗുണനിലവാരത്തിന്റെയും സാമ്പത്തിക പ്രകടന പുരോഗതിയുടെയും അടിസ്ഥാനത്തിൽ വിലയിരുത്തുകയും അംഗീകരിക്കുകയും പാരിതോഷികം നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 'സിറ്റി ഫിനാൻസ് റാങ്കിംഗ് 2022' ആരംഭിച്ചത്.2022 ഡിസംബർ 28ന് കേന്ദ്ര ഭവന, നഗരകാര്യ മന്ത്രി ശ്രീ ഹർദീപ് സിംഗ് പുരി തുടക്കം കുറിച്ച 'സിറ്റി ഫിനാൻസ് റാങ്കിംഗ് 2022' ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പങ്കെടുക്കുന്ന നഗര തദ്ദേശ സ്ഥാപനങ്ങളെ മൂന്ന് പ്രധാന മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി 15 സൂചകങ്ങളിന്മേൽ വിലയിരുത്തും. വിഭവ സമാഹരണം, സാമ്പത്തിക വിനിയോഗത്തിലെ പ്രകടനം, സാമ്പത്തിക ഭരണം എന്നിവയാണ് അവ നാല് ജനസംഖ്യാ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിന് കീഴിലുള്ള സ്കോറുകളുടെ അടിസ്ഥാനത്തിൽ നഗരങ്ങളെ റാങ്ക് ചെയ്യും: 40 ലക്ഷത്തിന് മുകളിൽ, 10- 40 ലക്ഷത്തിന് ഇടയിൽ ,ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ, ഒരു ലക്ഷത്തിൽ താഴെ എന്നിവയാണ് നാല് ജനസംഖ്യാ വിഭാഗങ്ങൾ. ഓരോ ജനസംഖ്യാ വിഭാഗത്തിലെയും മികച്ച 3 നഗരങ്ങളെ ദേശീയ തലത്തിലും സംസ്ഥാന/സംസ്ഥാന ക്ലസ്റ്ററിനുള്ളിലും അംഗീകരിക്കുകയും പാരിതോഷികം നൽകുകയും ചെയ്യും.'സിറ്റി ഫിനാൻസ് റാങ്കിംഗ് 2022'ൽ പങ്കെടുക്കുന്നതിനുള്ള അവസാന തീയതി 2023 മെയ് 31 ആണ്. പങ്കെടുക്കുന്ന നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഡാറ്റ/രേഖകൾ (ഓഡിറ്റ് ചെയ്ത അക്കൗണ്ടുകൾ, വാർഷിക ബജറ്റുകൾ, സ്വയം വിലയിരുത്തൽ റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടെ) **www.ctiyfinance.in.** ന്റെ ഓൺലൈൻ സൗകര്യം വഴി സമർപ്പിക്കാനാകും. പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് എന്ന നിലയിൽ ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യ (**QCI**) ഡാറ്റാ ശേഖരണ പ്രക്രിയയിൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് / സംസ്ഥാനങ്ങൾക്ക് ശക്തമായ പിന്തുണ നൽകും. ഡാറ്റയുടെ പരിശോധനയ്ക്കും മൂല്യനിർണ്ണയത്തിനും ശേഷം, അന്തിമ റാങ്കിംഗ് 2023 ജൂലൈ മാസത്തിൽ പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അധികൃതർ അറിയിച്ചു.

# ജാഗ്വാർ ലാൻഡ് റോവർ ടാറ്റാ ടെക്നോളജീസുമായി കൈകോർക്കുന്നു

**കൊച്ചി:** വ്യാവസായിക തന്ത്രങ്ങളുടെ ഡിജിറ്റൽ പരിവർത്തനം ത്വരിതഗതിയിലാക്കുന്നതിനായി ജാഗ്വാർ ലാൻഡ് റോവറുമായി ടാറ്റാ ടെക്നോളജീസ് കൈകോർക്കുന്നു.പരിഹാരങ്ങൾ അനുബന്ധമായി മറ്റ് ആഗോള ലൊക്കേഷനുകളിലേക്കും വിന്യസിക്കപ്പെട്ടുകൊണ്ട് ഇതിന്റെ ആദ്യ ഘട്ടത്തിൽ യു കെയിലെ മുഖ്യ ഉൽപ്പാദന സൗകര്യങ്ങളും ഉൾപ്പെടുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഒന്നിലധികം വകുപ്പുകളിൽ നിന്നുള്ള അറിവുകളെ ഒരൊറ്റ സ്രോതസ്സുകളിലേക്ക് കേന്ദ്രീകരിപ്പിച്ചു കൊണ്ട് ജഗ്വാർ ലാൻഡ് റോവറിന്റെ ഉൽപ്പാദനം, ലോജിസ്റ്റിക്സ്, വിതരണ കണ്ണികൾ, ഫിനാൻസ്, പർച്ചേയ്സിങ്ങ് മോഡ്യൂളുകൾ എന്നിവയെ പരിവർത്തനം ചെയ്തെടുക്കുന്നതിനായി ടാറ്റാ ടെക്നോളജീസ് എൻഡ് ടു എൻഡ് ഇന്റഗ്രേറ്റഡ് എന്റർ പ്രൈസ് റിസോഴ്സ് പ്ലാനിങ്ങ് (ഇ ആർ പി) പകർന്നു നൽകും. ടാറ്റാ ടെക്നോളജീസിന്റെ പുരസ്കാരം ഏറ്റുവാങ്ങിയ സോഫ്റ്റ് വെയറിന്റെ അവബോധജന്യമായ പുതിയ യൂസർ ഇന്റർഫേയ്സ് പ്രവർത്തനങ്ങളിലെ സ്ഥിരതയെ മുന്നോട്ട് നയിക്കുകയും ടീമുകൾക്കും വിതരണക്കാർക്കും ഇടയിലുള്ള പരസ്പര വീക്ഷണം മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണെന്നും പുതിയ വാഹനങ്ങൾക്ക് കൂടുതൽ ഊർജ്ജസ്വലമായി അതിവേഗം വിപണിയിലേക്ക് എത്തുന്ന കഴിവ് നേടി കൊടുക്കുക എന്നുള്ളതായിരിക്കും കമ്പനിയെ സംബന്ധിച്ചിടത്തോളം മൊത്തത്തിൽ ഉണ്ടാകാൻ പോകുന്ന ഗുണഫലമെന്നും കമ്പനി അവകാശപ്പെടുന്നു

# പഞ്ചവത്സര പദ്ധതി:വികസന സെമിനാറുമായി കൊച്ചി നഗരസഭ




**കൊച്ചി :** കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 2023-24 വർഷത്തെ ജനകീയാസൂത്രണപദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നഗരസഭയുടെ വികസന സെമിനാർ എറണാകുളം ടൗൺ ഹാളിൽ കൊച്ചി മേയർ എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു. കൊച്ചി നഗരസഭ പ്രദേശത്തിൻറെയും ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയും ലക്ഷ്യം വെച്ചുകൊണ്ടും, പ്രദേശിക വികസനവും സാമൂഹ്യ നീതിയും സാധ്യമാകത്തക്ക രീതിയിലുള്ള ദീർഘ വീഷണത്തോടെയുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാണ് സെമിനാർ സംഘടിപ്പിച്ചത്.ഡെപ്യൂട്ടി മേയർ കെ. എ അൻസിയ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരായ പി.ആർ റെനിഷ്, ഷീബ ലാൽ, സുനിത ഡിക്സൺ, ടി.കെ.അഷ്റഫ്, ശ്രീജിത്ത് കൗൺസിലർമാരായ ബെനഡിക്റ്റ് ഫെർണാണ്ടസ്, സി.എ.ഷക്കീർ, നഗരസഭ ആസൂത്രണ സമിതി ഉപാധ്യക്ഷൻ ടി എസ് സെയ്ഫുദ്ധീൻ, കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി, കൗൺസിൽ സെക്രട്ടറി തുടങ്ങിയവർ പങ്കെടുത്തു.14ാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതി രൂപീകരണത്തിന് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, പൊതുമുൻഗണനകൾ, വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുത്തും വിവിധ വാർഡ് കമ്മിറ്റികളിൽ നിന്നും വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും 202324 സാമ്പത്തിക വർഷത്തെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള ജനകീയ ചർച്ചയാണ് ഇന്ന് നടന്നത്. വികസന സെമിനാറിൽ ഉയർന്ന ചർച്ചയുടെ അടിസ്ഥാനത്തിലുള്ള ഭേദഗതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന് അംഗീകരിക്കും. തുടർന്ന് സ്റ്റാൻറിംഗ് കമ്മിറ്റിയും കൗൺസിലും പദ്ധതി പാസാക്കിയ ശേഷം ഡിപിസി അംഗീകാരത്തിനായി സമർപ്പിക്കും

# യുബിയിലൂടെയുള്ള വായ്പ : ആക്സിസ് ബാങ്ക്-ഓട്ടോട്രാക് ഫിനാൻസ് ധാരണ

**കൊച്ചി:** യുബി കോ ലെൻറ് പ്ലാറ്റ്ഫോമിലൂടെ വായ്പകൾ നൽകുന്നതിനായി ആക്സിസ് ബാങ്കും ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ ഓട്ടോട്രാക് ഫിനാൻസും ധാരണയിലെത്തി. രാജ്യത്തെ ഗ്രാമീണ മേഖലകളിൽ പുതിയ ട്രാക്ടർ വായ്പകൾ നൽകുന്നതിനായിരിക്കും ഈ സഹകരണമെന്ന് ആക്സിസ് ബാങ്ക് ഗ്രൂപ്പ് എക്സിക്യൂട്ടീവും ഭാരത് ബാങ്കിങ് മേധാവിയുമായ മുനീഷ് ഷർദ പറഞ്ഞു.ഓട്ടോട്രാക് ഫിനാൻസിന്റെ വിപുലമായ ഉപഭോക്തൃ നിരയും ആക്സിസ് ബാങ്കിന്റെ സാമ്പത്തിക മേഖലയിലെ വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തി കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ എളുപ്പത്തിൽ വായ്പകൾ നൽകാൻ ഈ പങ്കാളിത്തം വഴിയൊരുക്കും.ഈ സഹകരണത്തിലൂടെ പുതിയ ട്രാക്ടറുകളുടെ ബിസിനസ് വർധിപ്പിക്കുവാനും രാജ്യത്ത് കർഷക സമൂഹത്തിന് ഔപചാരിക വായ്പാ മേഖലയിലേക്ക് കൂടുതലായി കടന്നു വരാനുള്ള സൗകര്യമൊരുക്കാനും സാധിക്കുമെന്നും മുനീഷ് ഷർദ പറഞ്ഞു.ആക്സിസ് ബാങ്കുമായുള്ള സഹകരണം മുഴുവൻ കർഷക സമൂഹത്തിനും സാധ്യതകളുടെ പുതിയ യുഗം തുറന്നു കൊടുക്കുമെന്ന് ഓട്ടോട്രാക് ഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടറും ഇൻറർനാഷണൽ ട്രാക്ടേഴ്സ് ജോയിൻറ് മാനേജിങ് ഡയറക്ടറുമായ രാമൻ മിത്തൽ പറഞ്ഞു.കൂടുതൽ ജനങ്ങളെ ഔപചാരിക സാമ്പത്തിക സേവന മേഖലയിലേക്ക് എത്തിക്കാൻ ഇതു സഹായിക്കുമെന്ന് യുബി സ്ഥാപകനും സിഇഒയുമായ ഗൗരവ് കുമാർ പറഞ്ഞു.

# 'കഠിന കഠോരമി അണ്ഡകടാഹം' പെരുന്നാളിന് തീയ്യറ്ററുകളിൽ




**കൊച്ചി:** ജയ ജയ ജയ ഹേ എന്ന ചിത്രത്തിന് ശേഷം ബേസിൽ ജോസഫ് നായകനാകുന്ന കഠിന കഠോരമി അണ്ഡകടാഹം പെരുന്നാൾ റിലീസായി തിയേറ്ററുകളിലേക്കെത്തും. നവാഗതനായ മുഹാഷിൻ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. ബേസിൽ ജോസഫ് ആണ് റിലീസ് വിവരം പങ്കുവെച്ചത്. ബച്ചു എന്ന മുഴുനീള കഥാപാത്രത്തിലാണ് ബേസിൽ ചിത്രത്തിൽ എത്തുന്നത്. ഇതുവരെ കാണാത്ത വേഷപ്പകർച്ചയിലാകും ബേസിൽ വരിക എന്ന് സംവിധായകൻ വെളിപ്പെടുത്തിയിരുന്നു.നൈസാം സലാം പ്രൊഡക്ഷന്റെ ബാനറിൽ നൈസാം സലാമാണ് ചിത്രത്തിന്റെ നിർമ്മാണം. പുഴു, ഉണ്ട എന്നീ ചിത്രങ്ങളിടെ രചയിതാവ് ഹർഷാദാണ് ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും നിർവഹിക്കുന്നത്. അർജുൻ സേതു, എസ് മുണ്ടോൾ എന്നിവരാണ് ചിത്രത്തിന്റെ ഛായാഗ്രഹണം. എഡിറ്റിങ് സോബിൻ സോമൻ. ഗോവിന്ദ് വസന്ത സംഗീത സംവിധാനം നിർവഹിക്കുന്ന സിനിമയിലെ ഗാനങ്ങൾ രചിച്ചിരിക്കുന്നത് മു.രി, ഷറഫു എന്നിവരാണ്. ചിത്രത്തിന്റെ എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ വിനീഷ് വർഗീസ്, ലൈൻ പ്രൊഡ്യൂസർ ഷിനാസ് അലി,രാജേഷ് നാരായണൻ എന്നിവരാണ്. പ്രോജക്ട് ഡിസൈനർ ടെസ്സ് ബിജോയ്, ആർട്ട് ഡയറക്ഷൻ ബെനിത്ത് ബത്തേരി, പ്രൊഡക്ഷൻ കൺട്രോളർ ഹരി കാട്ടാക്കട, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ അനീഷ് ജോർജ്, മേക്കപ്പ് സുധി സുരേന്ദ്രൻ, വസ്ത്രാലങ്കാരം അസീം അഷ്റഫ്, വിശാഖ് സനൽകുമാർ, ഫിനാൻസ് കൺട്രോളർ സന്തോഷ് ബാലരാമപുരം, സ്റ്റിൽസ് ഷിജിൻ പി രാജ് എന്നിവരാണ്. കേരളത്തിൽ രജപുത്രാ ഫിലിംസും ഓവർസീസ് പാർസ് ഫിലിംസും ചിത്രം വിതരണത്തിനെത്തിക്കുന്നു. പി ആർ ഓ : പ്രതീഷ് ശേഖർ.

# പ്രു ഗോൾഡ് പദ്ധതിയുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഐസിഐസിഐ പ്രു ഗോൾഡ് അവതരിപ്പിച്ചു. ആജീവനാന്ത വരുമാനത്തിനു പുറമെ സാമ്പത്തിക സുരക്ഷിതത്വവും കുടുംബങ്ങൾക്ക് പദ്ധതി ഉറപ്പാക്കുന്നുവെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽറ്റ പറഞ്ഞു.. ഇമ്മീഡിയറ്റ് ഇൻകം, ഇമ്മീഡിയറ്റ് ഇൻകം വിത്ത് ബൂസ്റ്റർ, ഡിഫേർഡ് ഇൻകം എന്നിങ്ങനെ പ്രു ഗോൾഡ് മൂന്നുവേരിയൻറുകളിൽ ലഭ്യമാണ്.ഇമ്മീഡിയറ്റ് ഇൻകം തെരഞ്ഞെടുക്കുന്നവർക്ക് പോളിസി ഇഷ്യൂ ചെയ്ത തീയതി മുതൽ 30 ദിവസത്തിന് ശേഷം വരുമാനം സ്വീകരിക്കാൻ തുടങ്ങാം. ഇമ്മീഡിയറ്റ് ഇൻകം വിത്ത് ബൂസ്റ്റർ തെരഞ്ഞെടുക്കുന്ന ഉപഭോക്താവിന് പോളിസി ഇഷ്യൂ ചെയ്ത തീയതി മുതൽ 30 ദിവസത്തിന് ശേഷം ആരംഭിക്കുന്ന ആജീവനാന്ത വരുമാനത്തിന് പുറമെ ഓരോ അഞ്ചാമത്തെ പോളിസി വർഷത്തിലും ഉറപ്പുള്ള അധിക വരുമാനം ലഭിക്കും. ഡിഫേർഡ് ഇൻകം തെരഞ്ഞെടുക്കുന്നവർക്ക് അവരുടെ സാമ്പത്തിക ആവശ്യങ്ങൾക്കനുസരിച്ച് വരുമാനം എപ്പോൾ സ്വീകരിക്കണമെന്ന് തീരുമാനിക്കാൻ സൗകര്യമുണ്ട്. പോളിസിയുടമയ്ക്ക് രണ്ടാം പോളിസി വർഷമോ പതിമൂന്നാം പോളിസി വർഷത്തിൻറെ അവസാനമോ വരുമാനം ലഭ്യമാണ്.ഈ ആനുകൂല്യങ്ങൾക്ക് പുറമെ ഐസിഐസിഐ പ്രു ഗോൾഡ് ഉപഭോക്താക്കൾക്ക് അവരുടെ വരുമാനം സാധാരണ പേയ്മെൻറുകളായി സ്വീകരിക്കുന്നതിന് പകരം ഒരു സേവിംഗ്സ് വാലറ്റിൽ ശേഖരിക്കാനുള്ള ഓപ്ഷനും വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾക്ക് അവരുടെ സാമ്പത്തിക ആവശ്യങ്ങൾക്കനുസരിച്ച് അവരുടെ സേവിംഗ്സ് വാലറ്റിൽ ശേഖരിച്ച തുക ഭാഗികമായോ പൂർണ്ണമായോ പിൻവലിക്കാം. പ്രീമിയം ഓഫ്സെറ്റ് ഓപ്ഷൻ ഉപഭോക്താക്കൾക്ക് അവരുടെ ഭാവി പ്രീമിയങ്ങൾ സമാഹരിച്ച കോർപ്പസിൽ നിന്ന് അടയ്ക്കാനും പ്രാപ്തമാക്കുന്നു.ഉയരുന്ന പണപ്പെരുപ്പം ഉപഭോക്താക്കളെ അവരുടെ തൊഴിലിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന് പുറമെ ഉറപ്പുള്ള അധിക വരുമാനം ലഭിക്കുന്നതിനുള്ള ഉറവിടം കണ്ടെത്താൻ പ്രേരിപ്പിക്കുന്നതാണ് ഐസിഐസിഐ പ്രു ഗോൾഡ് എന്നും അമിത് പാൽറ്റ പറഞ്ഞു. ഈ നൂതനമായ ദീർഘകാല സേവിങ്സ് പദ്ധതി ഉപഭോക്താക്കൾക്ക് ഉറപ്പുള്ള വരുമാന സ്രോതസ് നൽകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

# ഹഗീസ് ഫ്ളിപ് ആന്റ് ഡിപ് ചലഞ്ചുമായി സോനം കപൂർ




**കൊച്ചി:** തങ്ങളുടെ ഹഗ്ഗീസ് കംപ്ലീറ്റ് കംഫർട്ട് ഡയപ്പർ ശ്രേണി ഇന്ത്യൻ ഉപഭോക്താക്കൾക്കു വേണ്ടി പുനവതരിപ്പിക്കുന്നതിന്റെ ഭാഗമായി കിംബർലിക്ലാർക്ക് അഭിനേതാവ് സോനം കപൂർ അഹൂജയുമായി പങ്കാളികളാകുന്നു.സോനം ബ്രാൻഡിന്റെ ഹഗീസ് ഫ് ളിപ ആന്റ് ഡിപ് ചലഞ്ച് ഏറ്റെടുക്കുന്ന കാമ്പയിൻ ഫിലിം അഞ്ച് ഭാഷകളിലായി വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ടിവിയിലും അവതരിപ്പിക്കും. യുവതികൾക്കും അമ്മമാർക്കും ഇടയിൽ ഒരു സെലിബ്രിറ്റി സ്വാധീനം ചെലുത്തുവാൻ സോനം കപൂറിന് കഴിയുന്നതിനാൽ ശക്തവും ജൈവികവുമായ ഒരു സഹകരണമായാണ് കിംബർലിക്ലാർക്ക് ഇതിനെ കാണുന്നതെന്ന് കിംബർലി ക്ലാർക്ക് ഇന്ത്യ മാർക്കറ്റിംഗ് ഡയറക്ടർ സാക്ഷി വർമ മേനോൻ പറഞ്ഞു.ഒഗിൽവി ഇന്ത്യ നിർമ്മിച്ച ഈ ഫിലിമിൽ സോനം കപൂർ അഹൂജ ഹഗ്ഗീസ് ചലഞ്ച് എടുക്കുന്നു, അതിൽ ഡയപ്പറിൻറെ ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങളായ മൃദുത്വവും ആഗിരണവും പരിശോധിക്കുന്നതിനുള്ള രണ്ട് ലളിതമായ ഘട്ടങ്ങൾ ഉൾപ്പെടുന്നു. മറ്റ് ഡയപ്പറിനെ ഹഗ്ഗീസ് എങ്ങനെ മറികടക്കുന്നുവെന്ന് കണ്ടുകൊണ്ട്, ഹഗ്ഗീസ് കംപ്ലീറ്റ് കംഫർട്ട് ശ്രേണി തന്റെ കുഞ്ഞിനായി തിരഞ്ഞെടുത്ത് ഹഗ്ഗീസ് മോം ക്ലബിൽ ചേരാനുള്ള തന്റെ തീരുമാനം അവർ പ്രഖ്യാപിക്കുന്നു.ഹഗ്ഗീസ് കുടുംബത്തിലേക്ക് സോനത്തെ സ്വാഗതം ചെയ്യുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും സാക്ഷി വർമ മേനോൻ പറഞ്ഞു.

# പുരുഷൻമാർക്ക് വേനൽകാല ശേഖരം അവതരിപ്പിച്ച് മെൻ ഓഫ് പ്ലാറ്റിനം



**കൊച്ചി:** പുരുഷൻമാരുടെ വേനൽകാല വസ്ത്രധാരണത്തിന് മോടികൂട്ടാൻ മെൻ ഓഫ് പ്ലാറ്റിനം പുതിയ ആഭരണശേഖരം അവതരിപ്പിച്ചു. വിവിധ തരത്തിലുള്ള വസ്ത്രങ്ങളുമായി ചേർത്ത് ഉപയോഗിക്കാവുന്നതും, ബഹുമുഖ രീതികളിൽ സ്റ്റൈൽ ചെയ്തവയുമാണ് മെൻ ഓഫ് പ്ലാറ്റിനത്തിന്റെ പുതിയ കളക്ഷനിലെ ഓരോ ഡിസൈനുകളുമെന്ന് അധികൃതർ വ്യക്തമാക്കി. പ്ലാറ്റിനം ചെയിനുകൾ, കൈത്തണ്ടയിലും കഴുത്തിലും അണിയുന്നവ ആഭരണങ്ങൾ, മോതിരങ്ങൾ എന്നിവ ഉൾപ്പെടെ വിപുലമായ അവാംന്ത് ഗാർഡ് ഡിസൈനുകളും പുതിയ ശേഖരം വാഗ്ദാനം ചെയ്യുന്നു. സ്യൂട്ടുകൾ, ടെയ് ലേർഡ് ഫോർമൽ വെയറുകൾ എന്നിവ കൂടാതെ സ്മാർട്ട് കാഷ്വലുകൾ, ആഘോഷ വസ്ത്രങ്ങൾക്കും എന്നിവക്കൊപ്പവും പുതിയ ശേഖരം അണിയാനാവും. പുതിയ ആഭരണ ശേഖരത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കാം.

# ഒടിടിപ്ലേ പ്രീമിയത്തിൽ മനോരമമാക്സും




**തിരുവനന്തപുരം:** എഐ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഒടിടി സബ്സ്ക്രിപ്ഷൻ, റെക്കമെന്റേഷൻ, ഡിസ്കവറി പ്ലാറ്റ്ഫോമായ ഒടിടിപ്ലേ പ്രീമിയത്തിലെ 16ാമത് ഒടിടി പങ്കാളിയായി മലയാളത്തിലാദ്യമായി മനോരമമാക്സ് ലഭ്യമായിത്തുടങ്ങി. ഇതോടെ മലയാളി പ്രേക്ഷകർക്ക് മലയാള സിനിമകൾ, മാക്സ് എക്സ്ക്ലൂസീവ്സ്, മഴവിൽ മനോര പരിപാടികളുടെ ആദ്യലഭ്യത എന്നിവ വിഡിയോഓൺഡിമാൻഡ്, ഓവർദിടോപ് സ്ട്രീമിംഗ് ഓപ്ഷനുകളിലൂടെ ഒടിടിപ്ലേ പ്രീമിയത്തിലൂടെ ലഭ്യമാകും.രാജ്യമൊട്ടാകെയുള്ള സാന്നിധ്യം വിപുലമാക്കുന്നതിന്റെ ഭാഗമായാണ് മനോരമമാക്സുമായുള്ള സഹകരണമെന്ന് ഒടിടിപ്ലേ സഹസ്ഥാപകനും സിഇഒയുമായ അവിനാഷ് മുദലിയാർ പറഞ്ഞു. ഇതോടെ മലയാളി പ്രേക്ഷകർക്ക് വൈവിധ്യമാർന്ന വലിയൊരു ഉള്ളടക്കം നൽകാൻ കഴിയും.400ലേറെ സിനിമകളും 20,000 മണിക്കൂറിലേറെ വരുന്ന വിനോദപരിപാടികളുമായി മലയാളത്തിലെ ഒന്നാം നമ്പർ ഒടിടിയായ മനോരമമാക്സിന് ഒടിടിപ്ലേയുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് എംഎം ടിവി സിഇഒ പി ആർ സതീഷ് പറഞ്ഞു. നിലവിൽ സീ5, സൺനെക്സ്റ്റ്, ലയൺസ്ഗേറ്റ്പ്ലേ, ഷോർട്സ്ടിവി നാല് ഒടിടി ആപ്പുള്ള ഒടിടിപ്ലേയുടെ സിംപ്ളി സൗത്ത് എന്ന പാക്കേജിൽ മനോരമമാക്സും കൂട്ടിച്ചേർത്തുള്ള വാർഷിക ഓഫർ 1199 രൂപ. മനോരമമാക്സ് ഉൾപ്പെടെയുള്ള പവർ പ്ലേ പാക്കേജിന് 2499 രൂപയും.എഐ അധിഷ്ഠിതമാണെന്നതിനാൽ പ്രേക്ഷകരുടെ താൽപ്പര്യങ്ങളറിഞ്ഞ് ശുപാർശകൾ ചെയ്യാൻ കഴിവുള്ളതാണ് ഒടിടിപ്ലേ.

# കോൺസപ്റ്റ് കമ്യൂണിക്കേഷന് കേരള ബ്രാൻഡ് ലീഡർഷിപ്പ് അവാർഡ്




**കൊച്ചി:** ഇന്ത്യയിലെ വലിയ സ്വതന്ത്ര മാർക്കറ്റിങ് കമ്യൂണിക്കേഷൻ ഏജൻസിയായ കോൺസപ്റ്റ് കമ്യൂണിക്കേഷൻ ലിമിറ്റഡിന് സിഎംഒ ഏഷ്യയുടെ കേരള ബ്രാൻഡ് ലീഡർഷിപ്പ് പുരസ്കാരം ലഭിച്ചു. കേരളത്തിലെ മുൻനിര ബ്രാൻഡുകൾക്കു വേണ്ടി ഏജൻസി ചെയ്ത 360 ഡിഗ്രി മാർക്കറ്റിങ് കമ്യൂണിക്കേഷൻ സേവനങ്ങളെ മുൻനിർത്തിയാണ് പുരസ്കാരം. മികച്ച ഫലം നൽകുന്ന കാര്യക്ഷമമായ ഇന്റഗ്രേറ്റഡ് മാർക്കറ്റിങ് ക്യാംപയിനുകൾ രൂപകൽപ്പന ചെയ്യുന്നതിൽ പേരുകേട്ട ഏജൻസിയാണ് കോൺസപ്റ്റ് കമ്യൂണിക്കേഷൻ.ക്ലയന്റുകൾക്ക് മികച്ച റിസൽട്ട് നേടിക്കൊടുക്കുന്നതിലുള്ള തങ്ങളുടെ കഴിവിനും, മികവിനോടുള്ള പ്രതിബദ്ധതയ്ക്കും ലഭിച്ച അംഗീകാരമാണീ പുരസ്കാരമെന്ന് കോൺസപ്റ്റ് കമ്യൂണിക്കേഷൻ ലിമിറ്റഡ് ചെയർമാൻ വിവേക് സുചാന്തി പറഞ്ഞു. സിഎംഒ ഏഷ്യയിൽ നിന്ന് ലഭിച്ച അംഗീകാരത്തിൽ അഭിമാനമുണ്ടെന്നും ക്ലയന്റുകൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിലാണ് ശ്രദ്ധയെന്നും അദ്ദേഹം പറഞ്ഞു.പബ്ലിക് റിലേഷൻസ്, അഡ്വർടൈസിങ്, ഡിജിറ്റൽ മാർക്കറ്റിങ് സേവനങ്ങൾ തുടങ്ങി ക്ലയന്റുകളുടെ മാർക്കറ്റിങ് കമ്യൂണിക്കേഷൻ ആവശ്യങ്ങൾ നിറവേറ്റാൻ 360 ഡിഗ്രി സേവനങ്ങളിൽ വൈദഗ്ധ്യമുള്ള ഏജൻസിയാണ് കോൺസപ്റ്റ്. ക്ലയന്റുകൾക്ക് പ്രത്യക്ഷമായ ഫലങ്ങൾ നേടിക്കൊടുക്കുന്നതിൽ കോൺസപ്റ്റ് മുൻപന്തിയിലാണ്. മുംബൈ ആസ്ഥാനമായി കോൺസപ്റ്റിന് കൊച്ചി, തിരുവനന്തപുരം ഉൾപ്പെടെ ഇന്ത്യയിലുടനീളം 20ലേറെ നഗരങ്ങളിൽ സാന്നിധ്യമുണ്ട്.

# ആരോഗ്യമേഖലയിൽ വിപ്ലവം സൃഷ്ടിക്കാനുള്ള ശേഷി ഡിജിറ്റൽ സംവിധാനങ്ങൾക്ക് ഉണ്ട്: കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ

## ഡിജിറ്റൽ ആരോഗ്യത്തെക്കുറിച്ചുള്ള ആഗോള സംരംഭം ആരംഭിക്കാൻ ഇന്ത്യ ലക്ഷ്യമിടുന്നു

**ന്യൂഡൽഹി:** ആരോഗ്യ സംരക്ഷണ വിതരണ സംവിധാനങ്ങളിൽ വിപ്ലവം സൃഷ്ടിക്കാനുള്ള ശേഷി ഡിജിറ്റൽ സംവിധാനങ്ങൾക്ക് ഉണ്ടെന്ന് കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ.കേന്ദ്രഗവൺമെന്റിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയവുമായി സഹകരിച്ച് ലോകാരോഗ്യ സംഘടന സൗത്ത്ഈസ്റ്റ് ഏഷ്യൻ മേഖല സംഘടിപ്പിച്ച 'ഡിജിറ്റൽ ഹെൽത്ത് ആഗോള ആരോഗ്യ പരിരക്ഷ ഓരോ പൗരനിലേക്കും എത്തിക്കുക' എന്ന ആഗോള സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിൽ,ഡിജിറ്റൽ ആരോഗ്യത്തെക്കുറിച്ചുള്ള ആഗോള സംരംഭം ആരംഭിക്കാൻ ഇന്ത്യ ലക്ഷ്യമിടുന്നു.ഡിജിറ്റൽ ആരോഗ്യത്തിനായുള്ള ആഗോള ശ്രമങ്ങളെ സംയോജിപ്പിക്കാനും അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാനും ഒരു സ്ഥാപനപരമായ ചട്ടക്കൂടെന്ന നിലയിൽ ഈ സംരംഭം വഴി ലക്ഷ്യമിടുന്നു. 'ഡിജിറ്റൽ ആരോഗ'ആരോഗ്യ സംരക്ഷണ സേവനങ്ങൾ നൽകുന്നതിൽ സഹായകമാണ്. ഇതിന സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യങ്ങളെ പിന്തുണയ്ക്കാനുള്ള കഴിവുണ്ടെന്നും കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു.ആരോഗ്യ സേവനങ്ങളുടെ ലഭ്യത, താങ്ങാനാവുന്ന ചെലവ് , തുല്യത എന്നിവ ഉറപ്പാക്കുന്ന ഡിജിറ്റൽ ആരോഗ്യ ഇടപെടലുകൾക്ക് ദേശീയ ആരോഗ്യ നയങ്ങൾ സഹായകമാണ്. ഈ സംരംഭത്തിലൂടെ,




'സാങ്കേതികവൽക്കരണത്തിലൂടെയും സാങ്കേതികവിദ്യകളുടെ ജനാധിപത്യവൽക്കരണത്തിലൂടെയും സാർവത്രിക ആരോഗ്യ പരിരക്ഷാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഒരു പ്രധാന സഹായിയായി ഡിജിറ്റൽ പൊതു ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽസമവായം ഉണ്ടാക്കുകയാണെന്നും കേന്ദ്രമന്ത്രി വിശദീകരിച്ചു.ആഗോള ആരോഗ്യത്തോടുള്ള തങ്ങളുടെ പ്രതിബദ്ധതയും നിർണായക ആരോഗ്യ പരിഹാരങ്ങളുടെ തുല്യമായ ലഭ്യത നേടുന്നതിൽ തങ്ങളുടെ പങ്കും തെളിയിക്കുന്ന ഡിജിറ്റൽ പൊതു ഉൽപ്പന്നങ്ങൾ എന്ന നിലയിൽ കോവിൻ, ഇ-സഞ്ജീവനി, ആരോഗ്യ സേതു എന്നീ ആപ്ലിക്കേഷനുകൾ ഇന്ത്യ നൽകിയതായി അദ്ദേഹം ചൂണ്ടിക്കാട്ടി.ലോകമെമ്പാടുമുള്ള ഗവൺമെന്റുകൾ ഇതിനകം തന്നെ ആരോഗ്യപരമായ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാങ്കേതികവിദ്യ വിജയകരമായി പ്രയോജനപ്പെടുത്തുന്നതിന് ഗണ്യമായ നിക്ഷേപം നടത്തിക്കൊണ്ടിരിക്കുമ്പോൾ, സുസ്ഥിരവും വിപുലവുമായ ഫലങ്ങൾ കൈവരിക്കുന്നതിന് ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.യൂണിവേഴ്സൽ ഹെൽത്ത് കവറേജിനെ സഹായിക്കുന്നതിനായി ഡിജിറ്റൽ പബ്ലിക് ഹെൽത്ത് ഗുഡ്സ് എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഡോ.പൂനം ഖേത്രപാൽ സിംഗ്,ലോകാരോഗ്യ സംഘടനയുടെ ഡിജിറ്റൽ ഹെൽത്ത് ആൻഡ് ഇന്നൊവേഷൻ ഡയറക്ടർ പ്രൊഫസർ അലൈൻ ലാബ്രിക്ക് ആഗോള നേതാക്കൾ, ആരോഗ്യ വികസന പങ്കാളികൾ, ആരോഗ്യ നയ നിർമ്മാതാക്കൾ, ഡിജിറ്റൽ ആരോഗ്യ ഇന്നോവേറ്റർമാർ , അക്കാദമിക വിദഗ്ധർ , എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു.

# പാചകവാതക വിലവർദ്ധനവ്: കെ.എച്ച്.ആർ.എ പ്രതിഷേധ സമരം നടത്തി



**കൊച്ചി:** അമിതമായി വർദ്ധിപ്പിച്ച ഗ്യാസ് വില പിൻവലിക്കണമെന്നാവശ്യപ്പെട്ടും ഇൻസന്റീവ് പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ടും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റി ബി.എസ്.എൻ.എൽ. ഭവൻ മാർച്ചും ധർണ്ണയും നടത്തി. പ്രതിഷേധ ധർണ്ണ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്തു. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ്ഓയിൽ വില കുറഞ്ഞു നിൽക്കേ, റഷ്യയിൽനിന്നും കുറഞ്ഞ വിലക്ക് ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുമ്പോൾ അതിന്റെ ലാഭം സാധാരണ ജനങ്ങൾക്ക് നൽകാതെ എണ്ണക്കമ്പനികളെ സഹായിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാരിനുള്ളതെന്ന് ജി. ജയപാൽ കുറ്റപ്പെടുത്തി. കോമേഴ്ഷ്യൽ ഗ്യാസിന്റെ ജി.എസ്.ടി. 18 ശതമാനത്തിൽനിന്ന് 5 ശതമാനമായി കുറക്കണമെന്നും, ഗ്യാസ് വിലവർദ്ധനവ് പിൻവലിച്ചില്ലെങ്കിൽ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ പാർലമെന്റിന് മുന്നിൽ സമരം സംഘടിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു. ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ. ടി. റഹിം, സംസ്ഥാന സെക്രട്ടറിമാരായ വി. ടി. ഹരിഹരൻ, കെ.യു. നാസർ, ജില്ലാവർക്കിംഗ് പ്രസിഡന്റ് സി. കെ. അനിൽ, ജില്ലാ ട്രഷറർ വി. എ. അലി എന്നിവർ പ്രസംഗിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള നൂറുകണക്കിന് ഹോട്ടലുടമകൾ ജോസ് ജംക്ഷനിൽനിന്ന് ആരംഭിച്ച പ്രതിഷേധ പ്രകടനത്തിലും ധർണ്ണയിലും പങ്കെടുത്തു.

